CCM(12) 2013-14

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല

# കോഓർഡിനേഷൻ സമിതി

**31.07.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു.ഗ്രാമ വികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷത യിൽ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17.07.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1** 2013-14 വാർഷിക പദ്ധതി രൂപീകരണം ഇതുവരെയും പൂർത്തീകരിച്ചിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ 14.08.2013-ന് മുമ്പായി ഡി.പി.സി. അംഗീകാരം നേടിയിരിക്കേണ്ടതാണെന്നും അതിനുശേഷം ഇതിനുവേണ്ടി സമയം നൽകേണ്ടെന്നും പദ്ധതികൾക്ക് ഡി.പി.സി. അംഗീകാരം നേടാത്ത തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പേരുവിവരം പ്രസ് റിലീസ് മുഖേന പ്രസിദ്ധപ്പെടുത്താനും തീരുമാനിച്ചു.

**2.2** ഇ.എം.എസ്. ഭവന പദ്ധതിയിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാനാണ് നേരത്തേ നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും ഈ തീരുമാനം പുനഃപരിശോധിക്കണമെന്നും, ടി തുക ഉപയോഗിച്ച് പുതിയ ഭവന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പല തദ്ദേശഭരണ സ്ഥാപനങ്ങളും പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ച് ടി തുക ചെലവഴിച്ചതായാണ് അതതുവർഷത്തെ കണക്കുകളിൽ കാണിച്ചിട്ടുള്ളത്. ഇപ്രകാരം ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുകയുടെ വിശദാംശങ്ങൾ പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും, സി.ആർ.ഡി.യും രണ്ടാഴ്ചക്കകം ശേഖരിച്ച് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു. ഐ.എ.വൈ. ഭവന പദ്ധതിക്ക് യൂണിറ്റ് കോസ്റ്റിന് അധികമായി ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾ 25:50:25 അനുപാതത്തിൽ പ്ലാൻ ഫണ്ടിൽ നിന്ന് നീക്കിവച്ച് ബ്ലോക്കിൽ ലഭ്യമാക്കിയതും നാളിതുവരെ ഉപയോഗിക്കാത്തതുമായ തുകയുടെ കണക്കുകൾ ഗ്രാമവികസന കമ്മീഷണറും ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

**2.3** പാലിയേറ്റീവ് കെയർ യൂണിറ്റുകളും അന്ധന്മാരുടെ സഹകരണ സംഘങ്ങളും ഉത്പ്പാദിപ്പിക്കുന്ന ഉത്പ്പന്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങുന്നതിന് മുൻഗണന നൽകുന്ന കാര്യം സബ്സിഡി മാർഗരേഖ പരിഷ്ക്കരിക്കുമ്പോൾ പരിഗണിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

**2.4** പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഏറെ വൈകാതെ തന്നെ പ്രോജക്ട് ഭേദഗതിക്കായി അനുമതി തേടി പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാരിനെ സമീപിച്ചു കാണുന്നു. ഈ പ്രവണത ശരിയല്ല എന്നതിനാൽ പ്രോജക്ട് ഭേദഗതികൾക്ക് ഡിസംബർ മാസത്തിനു മുൻപ് അനുമതി നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു.

## 3. പ്രത്യേക വിഷയങ്ങൾ

### 3.1 ഇലന്തൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 46834/ഡി.എ2/13/തസ്വഭവ)തീയതി.31.07.2013

പഞ്ചായത്തിന്റെ ആവശ്യം അടുത്ത വർഷം മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കുമ്പോൾ പരിഗണിക്കാമെന്നും ഈ വർഷം നിലവിലുള്ള മാർഗരേഖ അനുസരിച്ച് പദ്ധതികൾ നടപ്പാക്കേണ്ടതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 എടക്കാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ 19134/ഡി.ബി.3/തസ്വഭവ) തീയതി. 31.07.2013

ബ്ലോക്ക് പഞ്ചായത്ത് നിർദ്ദേശിക്കുന്ന അന്ധരുടെ സ്ഥാപനത്തിലെ ഉത്പ്പന്നങ്ങൾ ഏതൊക്കെയാണെന്നും, വാർഷിക ടേൺ ഓവർ എത്രയാണെന്നും, ഏതുതരം വാഹനം വാങ്ങാനാണ് ഉദ്ദേശിക്കുന്നതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കിയശേഷം പരിഗണിക്കാമെന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 45691/ഡി.ഡി.2/13/തസ്വഭവ) തീയതി.31.07.2013

ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നതല്ലാത്തതിനാൽ ജില്ലാപഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ ഏറ്റെടുക്കാവുന്നതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 ചിറ്റൂർ തത്തമംഗലം നഗരസഭ (ഫയൽ നം. 1985/എഫ്.എം.3/13/തസ്വഭവ) തീയതി. 31.07.2013

നഗരസഭയുടെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.5 പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 5361/ഡി.ഡി.2/13/തസ്വഭവ) തീയതി.31.07.2013

ഈ വിഷയത്തിന്മേൽ ഗ്രാമവികസന കമ്മീഷണർ തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.6 ചിറ്റൂർ തത്തമംഗലം നഗരസഭ (ഫയൽ നം. 42326/ഡി.ബി1/13/തസ്വഭവ) തീയതി.31.07.2013

നഗരസഭയുടെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.7 തൃശൂർ ജില്ലാ കളക്ടറുടെ കത്ത് (ഫയൽ നം. 47804/ഡി.എ1/13/തസ്വഭവ) തീയതി.31.07.2013

ജില്ലാ കളക്ടറുടെ ആവശ്യം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി (ഫയൽ നം. 47717/എഫ്.എം.3/13/തസ്വഭവ)**
**തീയതി.31.07.2013**

നഗരസഭയുടെ ആവശ്യത്തിൽ റവന്യൂ വകുപ്പു മുഖേന നടപടി സ്വീകരിക്കേണ്ട താണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 വടകര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 45311/ഡി.ഡി.2/13/തസ്വഭവ)**
**തീയതി.31.07.2013**

ട്രാൻസ്ഫോർമർ സ്ഥാപിച്ചതുമായി ബന്ധപ്പെട്ടുള്ള അധിക ചെലവ് സംബന്ധിച്ച് ഭരണ വകുപ്പുതല നടപടി സ്വീകരിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 48887/ഡി.ബി.1/13/തസ്വഭവ**
**തീയതി.31.07.2013**

2.2-ലെ നടപടികൾക്ക്ശേഷം പരിഗണിക്കാമെന്ന് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ഇരിക്കൂർ ഗ്രാമപഞ്ചായത്ത് (തീയതി.31.07.2013)**

2013-14-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തുക അനുവദിച്ചതിലെ കുറവ് പരിശോധിക്കാൻ ധനകാര്യവകുപ്പിനോട് നിർദ്ദേശിച്ചു. നടപടി സംബന്ധിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ അറിയിക്കണമെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 പാലക്കാട് ജില്ലാപഞ്ചായത്ത് തീയതി.31.07.2013**

വൈദ്യുതി കണക്ഷൻ സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ചുള്ള നടപടിക്രമം പാലിച്ച് നടപ്പാക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 മലപ്പുറം ജില്ലാ പഞ്ചായത്ത് തീയതി.31.07.2013**

സംയുക്ത പദ്ധതികൾ നടപ്പാക്കുന്നതിന് മുൻ തീരുമാനം അനുസരിച്ച് നടപടി എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 വെള്ളനാട് ഗ്രാമപഞ്ചായത്ത് തീയതി.31.07.2013**

വെള്ളനാട് സ്വാശ്രയ കാർഷികോത്പപ്പന്ന വിപണനസംഘം ആരംഭിച്ചത് എന്നാണെന്നും, വാർഷിക ടേൺഓവർ എത്രയെന്നും, ഏതുതരം വാഹനം വാങ്ങാനാണുദ്ദേശിക്കുന്നതെന്നും മറ്റുമുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കിയശേഷം പരിഗണിക്കാമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 വെള്ളനാട് ഗ്രാമപഞ്ചായത്ത് തീയതി.31.07.2013**

പാലിയേറ്റീവ് പരിചരണം സംബന്ധിച്ച് പൊതുമാർഗരേഖ തയ്യാറാക്കുമ്പോൾ പഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കാമെന്ന് തീരുമാനിച്ചു. അധികം വൈകാതെ ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യോഗം വിളിച്ചു ചേർക്കേണ്ടതാണെന്നും രണ്ടു കോഓർഡിനേഷൻ കമ്മിറ്റിക്കുശേഷം ഈ വിഷയത്തിൽ മാർഗരേഖ പുറപ്പെടുവിക്കേണ്ടതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 പാലക്കാട് ജില്ലാ പഞ്ചായത്ത് (തീയതി.31.07.2013)**

ഈ വിഷയം സംബന്ധിച്ച് മുൻ തീരുമാനപ്രകാരം സാമൂഹ്യക്ഷേമ വകുപ്പു ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കിയശേഷം പരിഗണിക്കാമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 മുഖത്തല ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 47427/ഡി.ഡി.2/13/തസ്വഭവ) തീയതി.31.07.2013**

ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം പരിഗണാർഹമല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 ആലപ്പാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 48531/ഡി.എ.2/13/തസ്വഭവ) തീയതി.31.07.2013**

ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാവുന്നതാണെന്ന് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 45688/ഡി.ഡി.2/13/തസ്വഭവ) തീയതി.31.07.2013**

ബ്ലോക്ക് പഞ്ചായത്ത് സൂചിപ്പിക്കുന്ന റോഡ് ആരുടെ ഉടമസ്ഥതയിലാണെന്നുള്ള വിവരവും എം.എൽ.എ റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ വിശദവിവരവും ലഭ്യമാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 പന്മന ഗ്രാമപഞ്ചായത്ത് (ഫയൽ നം. 39093/ഡി.ബി.1/13/തസ്വഭവ) തീയതി.31.07.2013**

പന്മന ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 എലിക്കുളം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 47382/ഡി.എ2/13/തസ്വഭവ) തീയതി.31.07.2013**

പഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാൻ തീരുമാനിച്ചു. പ്രോജക്ട് നടപ്പിലായിക്കഴിഞ്ഞ് അതിന്റെ ഫലങ്ങളെ സംബന്ധിച്ച് പഞ്ചായത്ത് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു. അടുത്തവർഷം സബ്സിഡി മാർഗ രേഖയിലെ ഭേദഗതി നിർദ്ദേശങ്ങളിൽ ഈ വിഷയവും ഉൾപ്പെടുത്തേണ്ടതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 47975/ഡി.ബി.3/13) തീയതി.31.07.2013**

പഞ്ചായത്തിന്റെ ആവശ്യം പരിഗണനാർഹമല്ലെന്ന് യോഗം വിലയിരുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 ഇടമലക്കുടി ഗ്രാമപഞ്ചായത്ത് തീയതി.31.07.2013**

ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 കാർത്തികപള്ളി ഗ്രാമപഞ്ചായത്ത് (ഫയൽനം. 49610/ഡി.എ2/2013/തസ്വഭവ)**

**തീയതി.31.07.2013**

ക്ഷീര വികസനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് ഡയറി എക്സ്റ്റൻഷൻ ഓഫീസറെയാണ് നിർവഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തേണ്ടിയിരുന്നതെന്നും, നിർവഹണ ഉദ്യോഗസ്ഥർ ഇല്ലാത്ത ഘട്ടങ്ങളിൽ പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കേണ്ടതാണെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 പള്ളിക്കൽ ഗ്രാമപഞ്ചായത്ത് (ഫയൽനം. 47527/എഫ്.എം.2/2013/തസ്വഭവ)**

**തീയതി.31.07.2013**

ഗ്രാമപഞ്ചായത്ത് ധനസഹായം നൽകുന്നതു സംബന്ധിച്ച് വകുപ്പുതലത്തിൽ തീരുമാനിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 ആലപ്പാട് ഗ്രാമപഞ്ചായത്ത്**

ആർ.സി.സിക്ക് ധനസഹായമെന്ന ആവശ്യം പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 ആലപ്പാട് ഗ്രാമപഞ്ചായത്ത്**

ജങ്കാർ സർവീസിന് ബാലൻസ്തുക നൽകാൻ മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

അടുത്തയോഗം 2013 ആഗസ്റ്റ് 14-ന് രാവിലെ 8 മണിക്ക് മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതിന് തീരുമാനിച്ചു.

**(യോഗം 9.30 ന് അവസാനിച്ചു)**